**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1458** **30-08-2022 - ൽ മറുപടിയ്ക്ക്**

**കുന്നംകുളം മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇപ്പോഴത്തെ സർക്കാർ നിലവിൽ വന്നതിനുശേഷം കുന്നംകുളം മണ്ഡലത്തിൽ എത്ര പേർക്കാണ് പട്ടയം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കുന്നംകുളം മണ്ഡലത്തിൽ 1964 ലെ ചട്ടപ്രകാരം 11 പട്ടയങ്ങളും 88 മിച്ചഭൂമി പട്ടയങ്ങളും 857 ലാൻഡ് ട്രിബ്യൂണൽ ക്രയസർട്ടിഫിക്കറ്റുകളും അടക്കം 956 എണ്ണം വിതരണം ചെയ്തിട്ടുള്ളതാണ്. |
| (ബി) | ഇനി എത്ര പേരാണ് പട്ടയത്തിനായി അപേക്ഷിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ സഹിതം വ്യക്തമാക്കാമോ; | (ബി) | വിവിധ ഭൂപതിവ് പ്രകാരം 429 അപേക്ഷകളും ലാൻഡ് ട്രിബ്യൂണലിൽ 145 അപേക്ഷകളും കുന്നംകുളം മണ്ഡലത്തിൽ ഇനി അവശേഷിക്കുന്നു.<br><br>പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പട്ടയ വിതരണത്തിനായി സ്വീകരിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ? | (സി) | പട്ടയത്തിനായി സമർപ്പിച്ച അപേക്ഷകളിൽ വില്ലേജ് ഓഫീസറിൽ നിന്ന് പ്രൊപ്പോസൽ ലഭ്യമാക്കി ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിനായി അപേക്ഷകരെ കത്ത് മുഖാന്തിരവും ഫോൺ മുഖാന്തിരവും ബന്ധപ്പെടുകയും, രേഖകൾ ലഭ്യമായവയിൽ സർവ്വേ നടപടികളും പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമിയിൽ താമസിക്കുന്നവരുടെ അപേക്ഷകളിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും റവന്യൂ വകുപ്പിലേക്ക് ഭൂമി പുനർ നിക്ഷിപ്തം ചെയ്തു ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ലാൻഡ് ട്രിബ്യൂണൽ അപേക്ഷകളിൽ വിചാരണ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമനമ്പർ | പഞ്ചായത്തിന്റെ പേര് | പട്ടയ അപേക്ഷകളുടെ എണ്ണം | ലാൻഡ് ട്രിബ്യൂണൽ അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| 1 | എരുമപ്പെട്ടി | 78 | 22 |
| 2 | വേലൂർ | 28 | 18 |
| 3 | കടങ്ങോട് | 145 | 22 |
| 4 | കാട്ടകാമ്പാൽ | 26 | 19 |
| 5 | കടവല്ലൂർ | 32 | 21 |
| 6 | പോർക്കുളം | 43 | 10 |
| 7 | ചൊവ്വന്നൂർ | 15 | 12 |
| 8 | കുന്നംകുളം മുൻസിപാലിറ്റി | 62 | 21 |
| ആകെ | | 429 | 145 |